**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 871** **14-10-2026-ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലകളിലെ വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിൽ കൈവരിച്ച പുരോഗതി എന്തൊക്കെയാണെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ജില്ല തിരിച്ചും വ്യക്തമാക്കാമോ;

**മറുപടി:** എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, നിലവിൽ JJM 2.0 പ്രകാരം മിഷൻ കാലാവധി 2028 ഡിസംബർ വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്.

സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%).ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.60 ലക്ഷം കണക്ഷനുകൾ നൽകി.നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 70.08 ലക്ഷം വീടുകളിൽ 39.07 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.0%).

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 4 ജില്ലകളിൽ മാത്രമാണ 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്(ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം,തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50% മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 7 ജില്ലകൾ 25% മുകളിൽ കവവേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം, ഇടുക്കി, കോഴിക്കോട്, വയനാട്, കാസർഗോഡ്). 1 ജില്ല - 70 % മുകളിൽ കവറേജ് കൈവരിച്ചു.(കൊല്ലം). പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 130 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചിട്ടുണ്ട്. ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം എന്നീ 9 നിയമസഭാ മണ്ഡലങ്ങളിലും 100% കവറേജ് കൈവരിച്ചിട്ടുണ്ട്.

പ്രവർത്തികളുടെ ജില്ലാതല പുരോഗതി അനുബന്ധം ആയി ചേർക്കുന്നു.

**(ബി)** പദ്ധതിയുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകൾ സമയബന്ധിതമായി പുനഃസ്ഥാപിക്കുന്നതിന് ജലവിഭവ വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകൾ

തമ്മിലുള്ള ഏകോപനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ പദ്ധതിയിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനായി പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്.

1)PWD റോഡുകളുടെ പുനസ്ഥാപന പ്രവർത്തികൾ KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫണ്ടിന്റെ അഭാവം മൂലം മന്ദഗതിയിലായിരുന്നു.ഇതു മറികടക്കുവാനായി നബാർഡിൽ നിന്നും ലോൺ ലഭ്യമാക്കി കരാറുകാരുടെ കുടിശ്ശിക പരിഹരിച്ചിട്ടുണ്ട്. KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കുഴിച്ചിട്ട റോഡുകളുടെ പുനഃസ്ഥാപന പ്രവർത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2)PWD-ക്ക് പുനഃസ്ഥാപന തുക അടച്ച് റോഡ് കഴിക്കുവാൻ അനുമതി ലഭ്യമായ സ്ഥലങ്ങളിൽ റോഡുകൾ പുനഃസ്ഥാപിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്.പുനഃസ്ഥാപന പ്രവർത്തികൾ വേഗത്തിലാക്കുവാനും തടസ്സങ്ങൾ നീക്കുവാനും വിവിധ തലങ്ങളിൽ മീറ്റിങ്ങുകൾ നടത്തി ആവശ്യമായ ഏകോപനം നടത്തിവരുന്നുണ്ട്.

3)പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ജൽ ജീവൻ മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ.ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷന്റെ നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി ലഭ്യമായ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃ സ്ഥാപനത്തിനുള്ള തുക കൂടി അനുമതി ലഭ്യമായിട്ടുണ്ട്.

തുടർന്ന് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ കൂടി റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്നുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം കൂടി ലഭിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തികൊണ്ട് 08.01.2024 ൽ കേരള വാട്ടർ അതോറിറ്റി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റി സ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആഭ്യന്തര വികസന ഗ്രാന്റ് മെയിന്റനൻസ് ഗ്രാന്റ്, അല്ലെങ്കിൽ CFC ഗ്രാന്റ് മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുവാൻ അനുമതി നൽകി 26.01.2026-ന് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** പദ്ധതിയുടെ ഭാഗമായി ശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി ശേഷിക്കുന്ന, പുരോഗമിക്കുന്നതും ഇതുവരെ

ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെ പ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് മുന്നോട്ട് പോകുവാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ നൽകൽ.
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ നിലകൾ പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യത്തിലെത്തിക്കുക.

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ത്വരിതപ്പെടുത്തുന്നതിനായി വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം നടത്തി വരുന്നുണ്ട്.സംസ്ഥാന തലത്തിൽ മിഷൻ ഡയറക്ടർക്ക് പുറമെ ഉന്നതാധികാര സമിതിയായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന മിഷനും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ ജല ശുചിത്വ മിഷനും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഗ്രാമപഞ്ചായത്ത് ജല ശുചിത്വ കമ്മിറ്റികളും പ്രവർത്തികളുടെ മേൽ നോട്ടത്തിനായി രൂപീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പ്രവർത്തികളുടെ നിരന്തര വിലയിരുത്തലുകളിലൂടെയും തടസ്സങ്ങൾ നീക്കി പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

| ക്രമ. നം. | ജില്ല | വർക്ക് പാക്കേജ് | | | |
|---|---|---|---|---|---|
| | | ആകെ | പൂർത്തിയായത് | പുരോഗമിക്കുന്നവ | ടെണ്ടർ/ അവാർഡ് ചെയ്യാനുള്ളത് |
| | **ആകെ** | **5546** | **3458** | **1490** | **598** |
| 1 | TVPM | 907 | 719 | 140 | 48 |
| 2 | KLM | 414 | 260 | 77 | 77 |
| 3 | PTA | 324 | 192 | 73 | 59 |
| 4 | KTM | 331 | 178 | 119 | 34 |
| 5 | ALP | 206 | 127 | 51 | 28 |
| 6 | IDK | 277 | 131 | 86 | 60 |
| 7 | EKM | 487 | 359 | 78 | 50 |
| 8 | TSR | 756 | 524 | 177 | 55 |
| 9 | PKD | 478 | 282 | 104 | 92 |
| 10 | MLPM | 487 | 252 | 186 | 49 |
| 11 | KKD | 370 | 180 | 168 | 22 |
| 12 | WYND | 75 | 28 | 37 | 10 |
| 13 | KNR | 266 | 154 | 106 | 6 |
| 14 | KSGD | 168 | 72 | 88 | 8 |